**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1425** **03-02-2026 - ൽ മറുപടിയ്ക്ക്**

**ആർട്ടിഫിഷ്യൽ ഇൻറലിജൻസ് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ആർട്ടിഫിഷ്യൽ ഇൻറലിജൻസ് സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; ആർട്ടിഫിഷ്യൽ ഇൻറലിജൻസ് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്ന സാഹചര്യത്തിൽ ആയത് വിദ്യാർത്ഥികളുടെ മൗലികമായ ചിന്താശേഷിയെ ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്. നിലവിൽ ഏഴാം ക്ലാസിലെ ഐ.സി.ടി പാഠപുസ്തകത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെ സംബന്ധിച്ച പ്രാഥമിക പാഠഭാഗങ്ങളും എട്ട് മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിലെ വിവര-വിനിമയ സാങ്കേതിക വിദ്യ പാഠപുസ്തകങ്ങളിലും എ.ഐ സംബന്ധിച്ച വിവരങ്ങൾ പഠനത്തിനായി ഉൾപ്പെടുത്തിയിട്ടുണ്ട്. ജ്ഞാനനിർമ്മിതിവാദം, സഹവർത്തിത്വപഠനം, സർഗ്ഗാത്മകപഠനം, വിമർശനചിന്ത, സംവേദാത്മക പഠനം തുടങ്ങിയവയെ അടിസ്ഥാനമാക്കിയാണ് പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും പഠനപ്രക്രിയയും രൂപപ്പെടുത്തിയിട്ടുള്ളത്. കാലഘട്ടത്തിനനുസൃതമായി സാങ്കേതികവിദ്യയിലധിഷ്ഠിതമായ പഠന പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കുന്നതിനായി 2024-25 അദ്ധ്യയന വർഷം മുതൽ കൈറ്റിന്റെ (KITE) നേതൃത്വത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് പ്രത്യേക അധ്യാപക പരിശീലനവും ഐ.സി.ടി. പാഠപുസ്തകങ്ങളിൽ പഠന പ്രവർത്തനങ്ങളും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.<br><br>പ്രവർത്തനാധിഷ്ഠിതമായ ക്ലാസ് മുറികളിൽ കുട്ടികളുടെ ചിന്താശേഷി വികസിപ്പിക്കുന്നതിനും സ്വതന്ത്രചിന്ത പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടുവോളം അവസരങ്ങളുണ്ട്. ഇതിന് സഹായകമായ വിവിധ ടൂളുകളിൽ ഒരെണ്ണമാണ് വിവരവിനിമയ സാങ്കേതികവിദ്യ. അതിന്റെ ഒരു ഭാഗമാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്.<br><br>ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകൾ പഠന പ്രവർത്തനങ്ങളിൽ സഹായിക്കുക എന്നതരത്തിലാണ് നിലവിൽ പാഠഭാഗങ്ങളിൽ അത് ഉൾപ്പെടുത്തിയിരിക്കുന്നത്. സാങ്കേതികവിദ്യയും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പെടെയുള്ള |

| | | | |
|---|---|---|---|
| | | | നൂതന സംവിധാനങ്ങളും കുട്ടിയുടെ മൗലികമായ ചിന്താശേഷിയെ ബാധിക്കുന്നതരത്തിലുള്ള ഒരു പ്രവർത്തനങ്ങളും നിലവിൽ പൊതുവിദ്യാഭ്യാസ വകുപ്പ് പാഠഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല മൗലികമായ ചിന്താശേഷി മെച്ചപ്പെടുത്തുന്നതിന് സ്കൂളുകളിൽ നിലവിലുള്ള എല്ലാ സംവിധാനങ്ങളും തുടരുന്നുമുണ്ട്. |
| (ബി) | ആർട്ടിഫിഷ്യൽ ഇൻറലിജൻസ് അധിഷ്ഠിത തൊഴിൽ വിപണിക്കായി വിദ്യാർത്ഥികളെ പ്രാപ്തരാക്കാൻ പ്രത്യേക സ്കിൽ മാപ്പിംഗ് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ വിശദാംശങ്ങളും ലഭ്യമാക്കാമോ? | (ബി) | പാഠ്യപദ്ധതിയെ തൊഴിലുമായി ബന്ധിപ്പിച്ച് തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം അഞ്ചാം ക്ലാസ് മുതൽ ഇപ്പോൾ നൽകുന്നുണ്ട്. ഒമ്പതാം ക്ലാസിലും പത്താം ക്ലാസിലും 11 വിവിധ തൊഴിൽ മേഖലകളിൽ ഓപ്ഷണൽ വിഷയമായി ഏതെങ്കിലും ഒരു മേഖല തിരഞ്ഞെടുക്കുവാനുള്ള അവസരം കുട്ടികൾക്ക് ലഭ്യമാണ്. പത്താം ക്ലാസിൽ 'എന്റെ കരിയർ എൻറെ തീരുമാനം' എന്ന പ്രവർത്തന പുസ്തകവും നൽകിയിട്ടുണ്ട്. പഠനത്തിനു ശേഷം കുട്ടി ഭാവിയിൽ തിരഞ്ഞെടുക്കാൻ സാധ്യതയുള്ള മേഖല (ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പെടെ) സ്കിൽ മാപ്പിങ് നടത്തുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ